(29) ശ്രീ കെ.സി. വേണുഗോപാൽ എം.എൽ.എ.യെ മർദ്ദിച്ചത് സംബന്ധിച്ച്

പ്രതിപക്ഷനേതാവ് (ശ്രീ. എ.കെ. ആന്റണി) : സർ, ഈ സഭയിലെ അംഗമായ ശ്രീ. കെ.സി. വേണുഗോപാലിനെ ആലപ്പുഴ സൗത്ത് പോലീസ് സ്റ്റേഷനു മുമ്പിൽവച്ച് പോലീസ് ക്രൂരമായി മർദ്ദിച്ചിട്ട് ഏതാണ്ട് രണ്ടുവർഷം തികയാൻ പോകുകയാണ്. മർദ്ദനത്തിന്റെ ഫലമായി ശ്രീ. കെ.സി. വേണുഗോപാൽ ആലപ്പുഴ, തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രികളിലായി ഒരു മാസത്തിലേറെ ചികിത്സയിലായിരുന്നു. ഈ സംഭവത്തെക്കുറിച്ച് അന്വേഷിക്കുവാൻ ഗവൺമെന്റ് ആദ്യം ജില്ലാകളക്ടറെ ചുമതലപ്പെടുത്തി. അതിനു ശേഷം ക്രൈംബ്രാഞ്ച് അന്വേഷണത്തിന് ഉത്തരവിട്ടു. ക്രൈംബ്രാഞ്ചിന്റെ അന്വേഷണം പൂർത്തിയായി റിപ്പോർട്ട് ഗവൺമെന്റിന് ലഭിച്ചിട്ട് മാസങ്ങൾ പലതു കഴിഞ്ഞു. അതുകഴിഞ്ഞ് ഗവൺമെന്റ് റിപ്പോർട്ട് ലീഗൽ ഒപ്പീനിയനു വേണ്ടി അയയ്ക്കുകയുണ്ടായി. അതിനുശേഷമുള്ള അനന്തരനടപടികൾ എന്താണെന്ന് വ്യക്തമല്ല. ഈ കേസ് തേച്ചുമാച്ചുകളയാനുള്ള ബോധപൂർവ്വമായ ശ്രമം നടക്കുന്നതായി പല കേന്ദ്രങ്ങളും പറയുന്നു. ഈ സഭയിലെ തന്നെ ചെറുപ്പക്കാരനായ ഒരു എം.എൽ.എ.യെ ക്രൂരമായി മർദ്ദിച്ച സംഭവം, അത് അർഹിക്കുന്ന ഗൗരവത്തോടുകൂടി ഗവൺമെന്റ് കാണണം. കുറ്റക്കാരായ ഉദ്യോഗസ്ഥന്മാർക്കെതിരെ കർശനമായ നടപടി സ്വീകരിക്കണം. ഈ കേസ് ഇങ്ങനെ നീട്ടിക്കൊണ്ടുപോകുന്നത് ശരിയല്ല. ഈ സഭ പിരിയുന്ന ഈ ദിവസമെങ്കിലും നമ്മുടെ സഹപ്രവർത്തകനായ ശ്രീ. കെ.സി. വേണുഗോപാലിനെ ക്രൂരമായി മർദ്ദിച്ച പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി എടുക്കുന്നതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വളരെ വ്യക്തമായ ഉറപ്പു നൽകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ, ഈ പ്രശ്നം അസംബ്ലിയിൽ വന്നതാണ്. ശ്രീ. വേണുഗോപാൽതന്നെ അക്കാര്യം ഉന്നയിച്ചിട്ടുള്ളതാണ്. അന്ന് ഞാൻ തന്നെ മറുപടി പറഞ്ഞു. രണ്ടു ദിവസം ഉന്നയിച്ചതാണ്; ഇന്നലെയോ മിനിഞ്ഞാന്നോ അല്ല.

ശ്രീ. ആര്യാടൻ മുഹമ്മദ് : ഇത് വന്നിട്ട് കുറെ ദിവസമായല്ലോ?

ശ്രീ. ഇ.കെ. നായനാർ : ഈ അസംബ്ലിയിൽ ഇത് ഉന്നയിക്കപ്പെടുകയും ചർച്ചനടക്കുയും ചെയ്തുവെന്നേ ഞാൻ പറഞ്ഞുള്ളൂ. അദ്ദേഹം പറഞ്ഞതിന് ഞാൻ മറുപടി പറഞ്ഞിട്ടുണ്ട്. ഈ സമ്മേളനം തുടങ്ങിയ സമയത്താണ്.

ശ്രീ. കെ.എം. മാണി : സംഭവം നടന്നിട്ട് മൂന്നു വർഷമായി.

ശ്രീ. ഇ.കെ. നായനാർ : മൂന്നു വർഷമൊന്നും ആയിട്ടില്ല മാണി. ശ്രീ. പാലാ മാണി, കേസ് അന്വേഷണം പൂർത്തിയാക്കി. അനന്തരനടപടികൾ സംബന്ധിച്ച് തീർച്ചയായിട്ടും പരിശോധന നടത്തുന്നതാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞതുപോലെ കുറ്റവാളികൾക്കെതിരായി ശക്തിയായി നടപടി സ്വീകരിക്കുകതന്നെ ചെയ്യും. അന്തിമമായ തീരുമാനം കൈക്കൊണ്ട് കോടതിയെ അറിയിക്കുന്നതാണ്.

മി. സ്പീക്കർ : ശ്രീ. കെ.സി. വേണുഗോപാലിനെ മർദ്ദിച്ചതു സംബന്ധിച്ച കാര്യം ആ സമയത്തും ഇവിടെ ഉന്നയിക്കപ്പെട്ടു, അതിനുശേഷവും ഉന്നയിച്ചിട്ടുണ്ട്. അതിനുശേഷം പ്രിവിലേജസ് കമ്മിറ്റിയിൽ വന്നു. കമ്മിറ്റി പരിശോധന നടത്തിയിട്ടുണ്ട്. അതിന്റെയടിസ്ഥാനത്തിലുള്ള നടപടികൾ ഉണ്ടായിട്ടുണ്ട്. മുഖ്യമന്ത്രി കേസിന്റെ മറ്റ് അനന്തരനടപടികളെ സംബ

LIBRARY ARCHIVES Kerala Legislative Assembly

ന്ധിച്ച് ഈ സെഷനിലെ ആദ്യദിവസംതന്നെ പറഞ്ഞു; ഇന്നും അദ്ദേഹം പറഞ്ഞു. പക്ഷേ ഇന്ന് പ്രതിപക്ഷനേതാവ് പറഞ്ഞു, കാലതാമസം വന്നുവെന്ന്. കാലതാമസം വന്നു എന്നത് വസ്തുതയാണ്. അതുകൂടെ വച്ചുകൊണ്ടുതന്നെ അതിന്റെ കേസ് അന്വേഷണം പൂർത്തിയായി. മുഖ്യമന്ത്രി അത് പരിശോധിച്ച് കുറ്റവാളികൾക്കെതിരെ കർശനമായ നടപടി സ്വീകരിക്കുമെന്ന് ഈ സഭയിൽ ഉറപ്പുനൽകിയിട്ടുള്ളതാണ്. മുഖ്യമന്ത്രി പറഞ്ഞ കാര്യം ചെയർ മുഖവിലയ്ക്കെടുക്കുകയാണ്. (ബഹളം).....ഓർഡർ....ഓർഡർ.....നോ ഫർതർ ഡിസ്ക്കഷൻ....

IV. ക്രമപ്രശ്നം

നിയമസഭയിൽ ഉന്നയിച്ച ചോദ്യങ്ങൾക്ക് യഥാസമയം മറുപടി നൽകിയില്ല എന്നതു സംബന്ധിച്ച്

<u>ശ്രീ. ജി. കാർത്തികേയൻ</u> : ഈ സഭയിൽ ധാരാളം എം.എൽ.എ.മാർ പലപ്പോഴും പറഞ്ഞിട്ടുള്ള ഒരു കാര്യമാണ് നിയമസഭാ സാമാജികന്മാർക്ക് നിയമസഭയിൽ ഉന്നയിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം ലഭിക്കുന്നില്ല എന്നുള്ളത്. ഞാൻ അതിന്റെ വിശദീകരണത്തിലേക്ക് പോകുന്നില്ല. ചോദ്യങ്ങൾക്ക് നോട്ടീസ് നൽകുന്നത് ഉത്തരങ്ങൾ ലഭിക്കുന്നതിനുവേണ്ടിയാണ്. ഏതെങ്കിലും ഒരു ചോദ്യം ചോദിച്ചാൽ ഉടനെ അതിന്റെ ഉത്തരം ലഭിച്ചില്ലെങ്കിൽ നമുക്ക് മനസ്സിലാകും, വിവരങ്ങൾ ശേഖരിച്ചുകൊണ്ടിരിക്കുന്നു, വിവരം അറിയിക്കുന്നതാണ് എന്ന്. ചോദ്യങ്ങൾക്ക് നോട്ടീസ് നൽകുമ്പോൾ നിരന്തരമായി അതിന്റെ ഉത്തരങ്ങൾ ലഭിക്കുന്നില്ല. മനഃപൂർവ്വമായി ഗവൺമെന്റ് ഒഴിഞ്ഞുമാറുകയാണ്. കഴിഞ്ഞ ജൂൺ 22-ാം തീയതി ബഹുമാനപ്പെട്ട അംഗം കെ.സി. വേണുഗോപാൽ ഒരു കാര്യം പരാമർശിച്ചു. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് തന്നെ ഇക്കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഇന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മറ്റു മന്ത്രിമാരും അതിനെ ഗൗരവതരമായി എടുത്തു. പക്ഷേ ഇവിടെ അത് ഗൗരവതരമായി വന്നില്ല. ഇന്ന് ഈ സമ്മേളനം അവസാനിക്കുകയാണ്. കേരളത്തിലെ ജനങ്ങളെ പ്രതിനിധീകരിച്ചാണ് രണ്ടുവശത്തും ഇരിക്കുന്ന അംഗങ്ങൾ വന്നിട്ടുള്ളത്. ഭരണപരമായി ബന്ധപ്പെട്ട വിവരങ്ങൾ അറിയാനുള്ള അവകാശം നിയമസഭാംഗങ്ങൾക്കുണ്ട്. സ്വാഭാവികമായിട്ടും അതിന്റെ ചുമതല നിർവ്വഹിക്കേണ്ടതും മറുപടി നൽകേണ്ടതും ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റുകളാണ്. ഡിപ്പാർട്ടുമെന്റുകൾ മന്ത്രിമാരുടെ കൺട്രോളിൽ അല്ലേ? ഈ ഗവൺമെന്റിനെ നിയന്ത്രിക്കുന്നത് തെരഞ്ഞെടുക്കപ്പെട്ട മന്ത്രിമാരല്ലേ? മുഖ്യമന്ത്രി അടക്കമുള്ള മന്ത്രിമാരുടെ കൺട്രോളിലല്ലേ അവരുടെ വകുപ്പുകൾ? മെമ്പർമാർ ചോദ്യത്തിന് നോട്ടീസ് നൽകുമ്പോൾ നിയമസഭ നടന്നുകൊണ്ടിരിക്കുന്ന സമയത്ത് ഉത്തരം നൽകേണ്ട ഉത്തരവാദിത്വം വകുപ്പുദ്യോഗസ്ഥന്മാർ എടുക്കാത്തതാണോ? അതോ ഇൻകൺവീനിയന്റായിട്ടുള്ള ചോദ്യങ്ങൾക്ക് നോട്ടീസ് നൽകുമ്പോൾ അതിന്റെ മറുപടി വളരെ ബോധപൂർവ്വം ഗവൺമെന്റ് മറയ്ക്കുന്നതാണോ? ഇവിടെ മുഖ്യമന്ത്രിയടക്കമുള്ള ആളുകൾ ഉണ്ട്. ഇതിനൊക്കെ മറുപടി ഞാൻ വായിക്കേണ്ടതില്ലല്ലോ. ഇവിടെ നോട്ടീസ് നൽകിയിരുന്ന ചോദ്യങ്ങൾ ഇനി പറയുന്ന വിഷയങ്ങൾ സംബന്ധിച്ചാണ്. മന്ത്രിമാർക്ക് മൊബൈൽ ഫോൺ, വിദേശ പരിശീലനം ലഭിച്ച ഐ.എ.എസ്., ഐ.പി.എസ്. ഉദ്യോഗസ്ഥന്മാർ, റിട്ടയർ ചെയ്തവരുടെ പുനർനിയമനം, കുറ്റവാളികളായ പോലീസുകാർ, ദേവാലയമോഷണം. അഡ്വക്കേറ്റ് ജനറലിന്റെ ഡെൽഹി സന്ദർശനം, അദ്ദേഹം വാദിച്ച കേസുകൾ, പൊതുമേഖലസ്ഥാപനങ്ങളിലെ തലവൻമാരുടെ വിദേശയാത്ര, മന്ത്രിമാരുടെ ചെലവ്, സംസ്ഥാനത്തു നടന്ന കൊലപാതകങ്ങൾ, ഭവനഭേദനം, കൊള്ള ഇതെല്ലാമാണ്.....

LIBRARY ARCHIVES Kerala Legislative Assembly